/129115/2023

വനിതാശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ : ബിന്ദുഗോപിനാഥ് i/c)

വിഷയം:- വനിതാശിശു വികസന വകുപ്പ് –അങ്കണവാടി പരിശീലന പദ്ധതി- അങ്കണവാടി **വർക്കർമാർക്കുള്ള** റിഫ്രഷർ ട്രെയിനിംഗ് – ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:
1. 03.05.2023 ലെ സ.ഉ(സാ.ധാ)നം. 228/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 06.06.2023 ലെ മേൽ നമ്പർ ഉത്തരവ്

**ഉത്തരവ് നം. DWCD/1065/2023-ICDSB8, തീയതി: 29-11-2023**

ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ജോബ്, റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും അങ്കണവാടി വർക്കർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതി പരാമർശ പ്രകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ അങ്കണവാടി **വർക്കർമാർക്കുള്ള** റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് പരാമർശം രണ്ട് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി എല്ലാ പ്രോഗ്രാം ഓഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ടും ട്രെയിനിംഗ് നടത്തുന്നതിന് ചുവടെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു

റിഫ്രഷർ ട്രെയിനിംഗുകൾ നടത്തുന്നതിന് 4 0 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നു.

| SL No | Item | Rate | Sanctioning Amount |
|---|---|---|---|
| 1. | Food (Breakfast, Lunch, Dinner, Tea & Snacks) | 250/- per head<br><br>(250 x40x7) | 70,000/- |
| 2. | Travelling Allowance | 500/head/course<br>(500 x 40) | 20,000/- |
| 3. | Honorarium to Guest Speakers<br><br>(maximum 20 Lecture per Course) | 1000/- per session | 20,000/- |
| 4. | Cost of Training Materials | 250/- per Trainee | 10,000/- |

| | | | |
|---|---|---|---|
| 5. | Field Visit | 4,000/- | 4,000/- |
| 6. | Stationery/Other Expenses | 5,000/- | 5,000/- |
| | **Total** | | **1,29,000/-** |

മേൽ ചിലവുകൾ കൂടാതെ ഒരു ജില്ലയ്ക്ക് ഒരു മാസത്തേയ്ക്ക്50,000/- രൂപ Room, Hall വാടക ഇനത്തിലും അനുവദിയ്ക്കുന്നു.

മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിന് ചുവടെപ്പറയും പ്രകാരം ഫണ്ട് അനുവദിച്ച് നല്കുന്നു.

| ക്രമ നം | ജില്ല | ട്രെയിനിംഗിന് അനുവദിയ്ക്കുന്ന തുക | ഹാൾ, റൂം വാടക | ആകെ അനുവദിയ്ക്കുന്ന തുക |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 2. | കൊല്ലം | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 3. | പത്തനംതിട്ട | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 4. | ആലപ്പുഴ | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 5. | കോട്ടയം | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 6. | ഇടുക്കി | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 7. | എറണാകുളം | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 8. | തൃശ്ശൂർ | 5,16,000/- (1,29,000 | 50,000/- | 5,66,000/- |

| | | | | |
|---|---|---|---|---|
| | | x 4) | | |
| 9. | പാലക്കാട് | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 10. | മലപ്പുറം | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 11. | കോഴിക്കോട് | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 12. | വയനാട് | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 13. | കണ്ണൂർ | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| 14. | കാസർകോഡ് | 5,16,000/- (1,29,000 x 4) | 50,000/- | 5,66,000/- |
| | ആകെ | **72,24,000/-** | **7,00,000/-** | **79,24,000/-** |

മേൽ ലിസ്റ്റ് പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിനായി ആകെ **79,24,000/-** **(എഴുപത്തി ഒൻപത് ലക്ഷത്തി ഇരുപത്തി** നാലായിരം **രൂപാ മാത്രം)** എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും അലോട്ട്മെന്റായി അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ജില്ലാ ഓഫീസർമാരതും മേൽ തുക അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ 2023 ഡിസംബർ 31 നുള്ളിൽ ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure II), Statement of Expenditure, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. ട്രെയിനിംഗിൽ പങ്കെടുക്കേണ്ട വർക്കർമാരുടെ പങ്കാളിത്തം

ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാരും സി.ഡി.പി.ഒ മാരും ഉറപ്പാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-56 (P) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

BINDU GOPINATH
**വനിതാശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാവനിതാശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
പകർപ്പ് :

1. സീനിയർ ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട്, അക്കൗണ്ടസ് സെക്ഷൻ
3. സൂപ്രണ്ട്, പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

**Signed by Bindu Gopinath**
**Date: 29-11-2023 19:03:02**